സർട്ടിഫിക്കറ്റും അനുബന്ധഫോം, വരുമാന സർട്ടിഫിക്കറ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം അതാത് ഏര്യയിലെ ബസ് ഡിപ്പോയിൽ സമർപ്പിക്കേണ്ടതാണ്. ട്രെയിൻ പാസ്സിന് മെഡിക്കൽ ബോർഡ് തരുന്ന ഫോമിൽ ഗസറ്റഡ് ആഫീസറുടെ ഒപ്പോടുകൂടി റെയിൽവെ ആഫീസിൽ കൊടുത്ത് ടിക്കറ്റ് കൈപ്പറ്റാവുന്നതാണ്.

**യുണിക്ക് ഡിസബിലിറ്റി ഐ.ഡി**

ഭിന്നശേഷിക്കാർക്കായുള്ള ഒരു പ്രധാന രേഖയാണ് യുണിക്ക് ഡിസബിലിറ്റി ഐ.ഡി. കാർഡ്. ഒരു ഭിന്നശേഷിയുള്ള വ്യക്തി കൈയിൽ കരുതേണ്ടതായ എല്ലാ രേഖകളും അടങ്ങിയ കാർഡാണ് യുണിക്ക് ഡിസബിലിറ്റി കാർഡ്

**ആശ്വാസകിരണം പദ്ധതി**

ഭിന്നശേഷിക്കാരായ വ്യക്തികളെ പരിചരിക്കുന്ന വ്യക്തികൾക്ക് കേരള സർക്കാരിന്റെ ആശ്വാസകിരണം പദ്ധതി മുഖേന 600/ – രൂപ പ്രതിമാസം ലഭിക്കുന്നതാണ്. പദ്ധതിയിൽ ഉൾപ്പെടുന്നവർ.

1) കിടപ്പിലായവർ
2) ഓട്ടിസം, സെറിബ്രൽ പ്ലാസി, മെന്റൽ റിട്ടാർഡേറ്റ്
3) 100 % കാഴ്ച വൈകല്യമുള്ളവർ

ഉന്നത വിഭ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭിന്നശേഷി സംവരണത്തിനുള്ള ക്വോട്ട 3 ശതമാനത്തിൽ നിന്ന് 5 ശതമാനമായി ഉയർത്തി. സർക്കാർ ജോലികളിൽ 3% മുതൽ 4% വരെ സംവരണം ഉണ്ട്. സർക്കാർ ആനുകൂല്യങ്ങൾ ആവശ്യമുള്ള ഭിന്നശേഷിക്കാർ അംഗീകാരമുള്ള മെഡിക്കൽ ബോർഡിന്റെ മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധമായി ഹാജരാക്കേണ്ടതാണ്.


**തയ്യാറാക്കിയത്,**
**ലിതിയ തങ്കച്ചൻ**
**പ്രോജക്ട് കോഡിനേറ്റർ, റ്റി.എസ്.എസ്.എസ്**



**ചൈൽഡ് ലൈൻ തിരുവനന്തപുരം**

*കുട്ടികൾക്ക് അവരുടെ വിഷമ ഘട്ടങ്ങളിൽ 1098 എന്ന സൗജന്യ നമ്പറിൽ വിളിച്ച് സേവനം ഉറപ്പാക്കുവാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ ദേശീയ വികസന പദ്ധതി.*



*Jeeva Jyothi Offset Press Tvm Phone. 0471 2311620*



**ഡിസംബർ 2020** **ലക്കം 12**


# ഉണർവ്വ്
## പഠനപത്രിക


ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി


## അന്താരാഷ്ട്ര ഭിന്നശേഷി ദിനം

**ആമുഖം**

1992 ഡിസംബർ 3 ന് ഐക്യരാഷ്ട്ര സംഘടനയുടെ ജനറൽ അസംബ്ലിയിൽ വച്ചാണ് ഡിസംബർ മൂന്ന് അന്താരാഷ്ട്ര ഭിന്നശേഷി ദിനമായി ആചരിക്കണം എന്നുള്ള പ്രഖ്യാപനം ഉണ്ടായത്. ഭിന്നശേഷി ഉള്ളവരെ വ്യത്യസ്തരായി കാണാതെ അവരെ നമ്മിൽ ഒരാളായി കാണാനുള്ള മനസ്സ് ഉണ്ടാകേണ്ടത് ഇന്നത്തെ സമൂഹത്തിന്റെ ആവശ്യമാണ്.

ഒരു സാധാരണ മനുഷ്യന്റെ അംഗചലനങ്ങളിൽ നിന്നും വ്യത്യസ്തമായ തരത്തിൽ ചലിക്കുന്നതോ ചലിക്കാത്തതോ ആയ അവയവങ്ങളോട് കൂടിയവരെ ഭിന്നശേഷി ഉള്ളവരുടെ വിഭാഗത്തിൽപ്പെടുത്താം. ഇത് ശാരീരികമോ, മാനസീകമോ ബുദ്ധിപരമോ ആയ വൈകല്യം ആകാം. ലോക ജനസംഖ്യയുടെ 15% ത്തോളം വരുന്ന ഭിന്നശേഷി ഉള്ളവരിൽ 80% പേരും വികസ്വര രാജ്യങ്ങളിൽ താമസിക്കുന്നവരാണ്. ഭിന്നശേഷി എന്താണെന്നും അവരോട് എങ്ങനെ പെരുമാറണം എന്നുമുള്ളതും ഇന്നും നമ്മുടെ സമൂഹത്തന് അറിവില്ല. ഈ സാഹചര്യത്തിൽ എന്താണ് ഭിന്നശേഷിക്കാരുടെ യഥാർത്ഥസ്ഥിതി എന്നത് പൊതു സമൂഹത്തിന് അറിവ് നൽകുക എന്നതാണ് ഭിന്നശേഷിദിനാചരണം വഴി ലക്ഷ്യമാക്കുന്നത്. നമ്മുടെ നാട്ടിൽ ഭിന്നശേഷി ഉള്ള സഹോദരങ്ങൾക്ക് ആവശ്യമായ ആനുകൂല്യങ്ങളും അവകാശങ്ങളും നേടികൊടുക്കുക എന്നുള്ളത് നമ്മുടെ കടമയാണെന്ന് നാം ഓർക്കണം. ആരും ആശ്രയം ഇല്ലാതെയും ഒറ്റപ്പെട്ടും ജീവിക്കുന്ന ഭിന്നശേഷിക്കാരായവർക്ക് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കേണ്ടത് നമ്മുടെ കടമയാണ്. പൊതു സമൂഹത്തിൽ ഇവർക്ക് തുല്യപദവിയും അന്തസ്സും ജീവിത സൗകര്യങ്ങളും അവസരങ്ങളും ഒരു സാധാരണ പൗരൻ എന്ന നിലയിൽ ലഭിക്കുന്നതിന് അർഹതയുണ്ട്.

**ഈ ദിനം ആചരിക്കുന്നതിന്റെ ലക്ഷ്യം**

1) ഭിന്നശേഷിയുള്ള ആളുകളുടെ പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ എന്തൊക്കെ ആണെന്നും ജനങ്ങളെ ബോധവാൻമാരാക്കുക അവർക്ക് ലഭിക്കേണ്ട അവകാശങ്ങളും, ആനുകൂല്യങ്ങളും, ആത്മാഭിമാനവും സാധാരണ പൗരൻമാരെപോലെ ജീവിക്കുവാനുള്ള അവസരങ്ങളും കിട്ടുന്നു എന്ന് ഉറപ്പ് വരുത്തുക.

2) സമൂഹത്തിന്റെ എല്ലാ മേഖലകളിലും അവർ അംഗീകരിപ്പെടുക, ഉദാഹരണമായി നല്ല വിദ്യാഭ്യാസം, പങ്കാളിത്ത സ്വാതന്ത്ര്യം, ജീവിക്കുവാനുള്ള അവകാശം, സംവരണം, പ്രത്യേക സൗകര്യങ്ങളുള്ള പരിസ്ഥിതി എന്നിവ ഉറപ്പാക്കുക.

3) ഇവരുടെ പുനരധിവാസത്തിനും ആരോഗ്യത്തിനും വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന നിയമങ്ങൾ ഫലപ്രദമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

4) സമൂഹത്തിൽ അവരുടെ വിദ്യാഭ്യാസം, അന്തസ്സ്, സുരക്ഷിതത്വം, ആരോഗ്യം എന്നീ കാര്യങ്ങൾ ശ്രദ്ധിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുക മുതലായവയാണ്.

1995 ന് ഇറക്കിയ ഭിന്നശേഷിക്കാരുടെ അവകാശ നിയമത്തിൽ ഏഴ് തരം ഭിന്നശേഷി ഉണ്ടെന്നായിരുന്നു കണക്കാക്കിയിരുന്നത് എന്നാൽ 2016 ൽ അത് 21 തരം ഭിന്നശേഷി ഉണ്ട് എന്ന് ഭിന്നശേഷിക്കാരുടെ അവകാശ നിയമത്തിൽ അംഗീകരിക്കുകയും പ്രാബല്യത്തിൽ വരുകയും ചെയ്തു. അത് പ്രകാരം ഉള്ളവ താഴെ കൊടുക്കുന്നു.

1) അന്ധത
2) കാഴ്ച കുറവ്
3) കുഷ്ഠ രോഗം ഭേദമായവർ
4) ശ്രവണ വൈകല്യം
   (ബധിരരും കേൾക്കാൻ ബുദ്ധിമുട്ടുള്ളവരും)
5) ചലന വൈകല്യമുള്ളവർ
6) പൊക്കമില്ലായ്മ
7) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ
8) മാനസികരോഗം
9) ഓട്ടിസം സ്പെക്ട്രം
10) സെറിബ്രൽ പാഴ്സി
11) മസ്ക്കുലർ ഡിസ്ട്രോഫി
12) ക്രോണിക്ക് ന്യൂറോളജിക്കൽ പ്രശ്നമുള്ളവർ
13) പഠന വൈകല്യമുള്ളവർ
14) മൾട്ടിപ്പിൾ സ്ക്ലിറോസിസ്
15) സംസാര, ഭാഷാ വൈകല്യമുള്ളവർ
16) തലസീമിയ
17) ഹിമോഫീലിയ
18) അരിവാൾരോഗം സിക്കിൾ സെൽ അനീമിയ
19) ഒന്നിലധികം വൈകല്യമുള്ളവർ
20) അസിഡ് അറ്റാക്ക് ബാധിതർ
21) പാർക്കിസൺ രോഗബാധിതർ

**സർക്കാർ സംരംഭം**

ഭിന്നശേഷിക്കാരുടെ ക്ഷേമവും ശാക്തീകരണവും ലക്ഷ്യമിട്ടുള്ള നയങ്ങൾ, പ്രശ്നങ്ങൾ, പ്രവർത്തനങ്ങളിൽ അർത്ഥവത്തായ ശ്രദ്ധ എന്നിവ നൽകുന്നതിനും 2012 മെയ് 12 ന് സാമൂഹ്യനീതി, ശാക്തീകരണ മന്ത്രാലയത്തിൽ നിന്ന് ഭിന്നേശേഷിക്കാരുടെ വകുപ്പ് രൂപീകരിച്ചു. 2014 ഡിസംബറിൽ ഈ വകുപ്പിനെ ഭിന്നശേഷിക്കാരുടെ ശാക്തീകരണ മന്ത്രാലയം (Divyangjan) എന്ന് നാമകരണം ചെയ്തു.

**ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള ദേശീയ ഫെലോഷിപ്പ്**

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അവരുടെ ഉപരിപഠനം നടത്തുന്നതിനായി ഈ സ്കീം ഉപയോഗപ്പെടുത്താവുന്നതാണ്. ഈ സ്കീമിന്റെ കീഴിൽ 200 പേർക്ക് ഒരോ വർഷവും ഉപരിപഠനത്തിനായി ഫെലോഷിപ്പുകൾ ലഭിക്കുന്നു.

**ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ**

**റെയിൽവേ**

ട്രെയിനിൽ യാത്ര ചെയ്യുന്ന ഭിന്നശേഷിക്കാർക്ക് അവരുടെ യാത്ര നിരക്കിൽ നിന്നും 75% വരെ ഇളവ് ലഭിക്കുന്നതാണ്. കാഴ്ച, മാനസിക വൈകല്യം, മറ്റ് അംഗവൈകല്യമുള്ളവർ എന്നിവരെ അനുഗമിക്കുന്നവർക്ക് 75% വരെ ഇളവ് ലഭിക്കുന്നതാണ്.

**ബസ്**

എയർ കണ്ടീഷൻ - സിറ്റി ബസ് ഒഴികെ മറ്റ് എല്ലാ ബസുകളിലും 75% വരെ യാത്ര നിരക്കിൽ ഇളവ് ലഭിക്കുന്നതാണ്. ബസ്സ് പാസിന് മെഡിക്കൽ ബോർഡ്